പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 6512

21/11/2019-ൽ

മറുപടിയ്ക്ക്

## കല്ല്യാശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം

ചോദ്യം

**ശ്രീ.റ്റി.വി.രാജേഷ്**

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ എത്ര സ്കൂളുകൾക്കാണ് അടിസ്ഥാന സൗകര്യ വികസനത്തിന് അംഗീകാരം ലഭിച്ചിട്ടുള്ളത്; എത്ര സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(എ) കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ / 3 കോടി രൂപ / 1 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുത്ത കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ അംഗീകാരം ലഭിച്ച സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| GHSS ചെറുതാഴം | 5 കോടി |
| GGVHSS ചെറുകുന്ന് | 3 കോടി |
| GBHSS ചെറുകുന്ന് | 3 കോടി |
| KPR ഗോപാല സ്മാരക HSS കല്ല്യാശ്ശേരി | 3 കോടി |
| CHMKSGHSS മാട്ടൂൽ | 3 കോടി |
| GHSS കൊട്ടില | 3 കോടി |
| GHSS കുഞ്ഞിമംഗലം | 3 കോടി |
| GGHSS മടായി | 1 കോടി |
| GBVHSS മടായി | 1 കോടി |
| GMUPS മടായി | 1 കോടി |
| GWHSS ചെറുകുന്ന് | 1 കോടി |
| GHSS കടന്നപ്പള്ളി | 1 കോടി |

ഇതിൽ ചെറുതാഴം GHSS ന്റെ നിർമ്മാണം ഹൈസ്കൂൾ ബ്ലോക്കിന്റേത് പൂർത്തിയായി വരുന്നു. UP ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

| | |
|---|---|
| (ബി) ഒന്നാം ഘട്ടത്തിൽ പ്രഖ്യാപിച്ച കിഫ്ബിയിൽ ഉൾപ്പെടുത്തിയ 3 കോടി രൂപയുടെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണ്; ഒന്നിലേറെ ഏജൻസികളെ എസ്.പി.വി. ആയി നിശ്ചയിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) അന്തിമ തീരുമാനം ആയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് SPV ആയി കൈറ്റിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. ആയതിൽ 67 സ്കൂളുകളുടെ SPV ആയി കൈറ്റിനെ മാറ്റി ഇൻകെലിനെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ ടെണ്ടർ പൂർത്തിയായ നിർമ്മാണ പ്രവർത്തനങ്ങളുടെ SPV ആയി കൈറ്റ് തന്നെ തുടരാനും, റീ ടെണ്ടർ ചെയ്യേണ്ട സ്കൂളുകൾ ഉണ്ടെങ്കിൽ അവയുടെ എസ്.പി.വി ആയി ഇൻകലിനെ നിയമിക്കാനും തത്വത്തിൽ തീരുമാനമായിട്ടുണ്ട്. |
| (സി) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കി വരികയാണ്. |

Namitha.P

**സെക്ഷൻ ഓഫീസർ**